**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07
**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 09**

**Date : 10.06.2025**

---

## MJSSA കലോത്സവം 2025

### സബ് ജൂണിയർ ( Date of Birth On or after 01.01.2017 )

# “കരുണയുള്ള കർത്താവ്”

MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി
റവ.ഫാ.യൂഹാനോൻ ( സിബി ) വേലിയ്ക്കകത്ത്,
റവ.ഫാ.എമിൽ വർഗീസ് വേലിയ്ക്കകത്ത് എന്നിവർ തയ്യാറാക്കിയ
സബ് ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ

**Prepared By**



**Rev. Fr. Yoohannon (Siby) Velikkakathu**

**Vicar**
**St.Adais Jacobite Syrian Church**
**Nalunnakkal**

**Assistant Vicar**
**St.Mary’s Chappel illickal**



**Rev. Fr. Emil Varghese Velikkakathu**

**Vicar**
**St.George Jacobite Syrian Church**
**Nedumavu**

**Assistant Vicar**
**St.Mary’s Jacobite Syrian Church**
**Neelimangalam**

KOTTAYAM
10.06.2025

**ഓരോ വിഷയത്തെക്കുറിച്ചും നൽകിയിട്ടുള്ള രണ്ട് പ്രസംഗങ്ങളും കുട്ടികൾ വായിക്കുകയും, അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങളിൽ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആമുഖത്തിൽ പ്രസംഗവുമായി ബന്ധപ്പെട്ട, വിഷയത്തിലേക്ക് നയിക്കുന്ന ഒരു ആനുകാലിക സംഭവവും ഉൾപ്പെടുത്തിയാൽ ഉചിതമാവും. ഓരോ വിഭാഗത്തിലും പ്രസംഗത്തിനുള്ള സമയക്രമീകരണവും മനസിലാക്കുക ( Sub Junior – 3 Minutes )**

-------------------------------------- ---

## പ്രസംഗം - 1

ത്രിയേക ദൈവത്തിന് സ്തുതി,

ബഹുമാന്യരായ അദ്ധ്യാപകരെ, സ്നേഹം നിറഞ്ഞ മാതാപിതാക്കന്മാരെ, സുഹൃത്തുക്കളെ... ഏവർക്കും വീണ്ടും വരുമെന്ന് അരുളി ചെയ്തവനായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹവന്ദനം അറിയിക്കട്ടെ. ഇന്ന് അല്പസമയം നിങ്ങളുമായി ചിന്തിക്കുവാൻ എനിക്ക് ലഭിച്ചിരിക്കുന്നത് ''കരുണയുള്ള കർത്താവ് '' എന്ന വിഷയമാണ്.

വി. വേദപുസ്തകത്തിൽ ദൈവത്തിന്റെ അനേക സ്വഭാവ വൈശിഷ്ട്യങ്ങൾ വർണ്ണിക്കുമ്പോൾ അതിൽ ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്നത് കരുണയുള്ള കർത്താവിന്റെ മുഖമാണ്. **പുറപ്പാട് പുസ്തകം 34-ാ ം അദ്ധ്യായത്തിന്റെ 5 മുതലുള്ള വാക്യങ്ങളിൽ** കർത്താവ് മേഘത്തിൽ ഇറങ്ങിവന്ന് പ്രവാചകനായ മോശയുടെ അടുത്ത് നിൽക്കുകയും കർത്താവ് എന്ന തന്റെ നാമം പ്രഖ്യാപിക്കുകയും, താൻ കരുണയുള്ള കർത്താവാണെന്നും കോപിക്കുന്നതിൽ വിമുഖതയുള്ളവനാണെന്നും എല്ലാവരുടെയും തെറ്റുകളും കുറ്റങ്ങളും ക്ഷമിച്ച് ആയിരങ്ങളോട് കരുണ കാണിക്കുന്നവനാണെന്നും അരുളിചെയ്യുന്നു. "കർത്താവ്, ദൈവമായ കർത്താവ് കരുണയും കൃപയും ദീർഘക്ഷമയുമുള്ളവൻ; നന്മയിലും വിശ്വസ്തതയിലും സമൃദ്ധിയുള്ളവൻ" എന്ന് 34:6 ൽ നമുക്ക് വായിക്കുവാൻ സാധിക്കുന്നുവല്ലോ.

Kottayam Diocese Kottayam Diocese Kottayam Diocese

നാം ദൈവാലയത്തിലേക്ക് പോകുമ്പോഴും പ്രാർത്ഥനക്കായി നിൽക്കുമ്പോഴും നമ്മോട് കരുണ കാണിക്കുന്ന ഒരു ദൈവത്തിന്റെ മുൻപിലാണെന്ന ബോധ്യം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടായിരിക്കണം. കരുണ കാട്ടുവാൻ വേണ്ടി നിയമത്തെ മറക്കുന്ന ദൈവത്തെ നാം കാണുന്നുണ്ട്. **വി.യോഹന്നാന്റെ സുവിശേഷം എട്ടാം അദ്ധ്യായത്തിൽ** കുറ്റം ചെയ്തു പിടിക്കപ്പെട്ട സ്ത്രീയെയും കൊണ്ട് ചില ആളുകൾ യേശുക്രിസ്തുവിന്റെ അടുത്തേക്ക് വരുന്നത് നമ്മൾ കാണുന്നുണ്ട്. "ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്ന് നിയമത്തിൽ പറഞ്ഞിട്ടുണ്ടല്ലോ, നീ എന്തു പറയുന്നു?" എന്ന് ചോദിക്കുമ്പോൾ "നിങ്ങളിൽ പാപം ഇല്ലാത്തവർ അവരെ കല്ലെറിയട്ടെ" എന്ന് പറഞ്ഞ് അവളെ ശിക്ഷിക്കാതെ വെറുതെ

വിടുന്ന ദൈവത്തെയാണ് കാണുന്നത്. കരുണയുള്ള കർത്താവിന്റെ മുഖമാണ് യേശു ഇവിടെ വെളിപ്പെടുത്തി തരുന്നത്.

കരുണയുള്ള കർത്താവിന്റെ മക്കളായ നാം നമ്മുടെ സഹോദരങ്ങളോടും സമൂഹത്തോടും ഈ കരുണ കാണിക്കുന്നുണ്ടോ എന്ന് സ്വയം ചിന്തിക്കേണ്ടിയിരിക്കുന്നു.

**വി.ലൂക്കോസിന്റെ സുവിശേഷം 6:35** ൽ യേശു തമ്പുരാൻ നമ്മെ ഓർമിപ്പിക്കുന്നു. "ആകയാൽ നിങ്ങളുടെ പിതാവ് കാരുണ്യവാനായിരിക്കുന്നതുപോലെതന്നെ നിങ്ങളും കരുണ യുള്ളവരായിരിക്കണം". **വി. മത്തായി 5:7** ൽ കരുണയുള്ളവൻ ഭാഗ്യവാന്മാരാണെന്നും അവർക്ക് കരുണ ലഭിക്കുമെന്നും പറയുന്നു. "കരുണാമാനസർ ഭാഗ്യവാന്മാർ- അവർ ദൈവത്തെ കാണും". അതുകൊണ്ട് ദൈവസന്നിധിയിൽ നിന്ന് നമുക്ക് കരുണ ലഭിക്കണമെങ്കിൽ നാമും കരുണയുള്ളവരായിരിക്കണം എന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു.

Kottayam Diocese Kottayam Diocese Kottayam Diocese

ഈ സമൂഹത്തിൽ ഓരോ ദിവസവും പത്രമാധ്യമങ്ങളിലൂടെ നാം കണ്ടുകൊണ്ടിരിക്കുന്നത് കരുണ കാണിക്കുവാൻ മനസ്സില്ലാത്ത വ്യക്തിത്വങ്ങളെയാണ്. സ്വന്തം മാതാപിതാക്കന്മാരെയും സഹോദരങ്ങളേയും കൊന്നുകളയാൻ പോലും മടിയില്ലാത്ത മക്കളുള്ള സമൂഹമായി നാം കഠിന ഹൃദയരാകുമ്പോൾ നമുക്ക് എപ്രകാരമാണ് കരുണ ലഭിക്കുന്നത്. അതുകൊണ്ട് കരുണയുള്ള കർത്താവിന്റെ മുൻപിലേക്ക് നാം കടന്ന് വരുമ്പോൾ എല്ലാവരോടും കരുണ കാണിച്ച് ഈ സമൂഹത്തിൽ യഥാർത്ഥ ക്രൈസ്തവരായി തീരുവാൻ നമുക്ക് സാധിക്കണം. അതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും ശക്തിപ്പെടുത്തട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് വാക്കുകൾ ഉപസംഹരിക്കുന്നു.

നന്ദി. നമസ്കാരം

ജയ് ക്രൈസ്റ്റ്.

---

## പ്രസംഗം - 2

ബഹുമാനപ്പെട്ട അദ്ധ്യാപകരെ, വിധികർത്താക്കളെ മാതാപിതാക്കളെ സുഹൃത്തുക്കളെ, വീണ്ടും വരുന്നവനായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം അറിയിക്കട്ടെ.

ഇന്നത്തെ ചിന്തക്കായി നമുക്ക് ലഭിച്ചിരിക്കുന്ന വിഷയം " കരുണയുള്ള കർത്താവ് " എന്നുള്ളതാണല്ലോ. പൗലോസ് ശ്ലീഹാ **എഫേസ്യർക്കെഴുതിയ രണ്ടാം അദ്ധ്യായം 4 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ** വായിക്കുമ്പോൾ കരുണാസമ്പന്നനായ ദൈവത്തെ കാണുവാൻ സാധിക്കുന്നു. യേശുക്രിസ്തുവിൽ പിതാവ് നമ്മോടു കാട്ടിയ

കാരുണ്യത്തെക്കുറിച്ച് കാണുവാൻ സാധിക്കും. പാപം വഴി നാം മരിച്ചവരായിരുന്നിട്ടും കാരുണ്യവാനായ ദൈവം നമ്മോടു കാണിച്ച മഹത്തായ സ്നേഹത്താൽ ക്രിസ്തുവിനോടു കൂടെ നമ്മെ ജീവിപ്പിച്ചു. അവന്റെ കൃപയാൽ നമ്മൾ രക്ഷിക്കപ്പെടുകയും യേശുക്രിസ്തുവിനോടു കൂടെ അവിടുന്നു നമ്മെ ഉയർപ്പിച്ചു സ്വർഗ്ഗത്തിൽ അവനോടു കൂടെ ഇരുത്തുകയും ചെയ്തു.

**മാമ്മോദീസായിലൂടെ** ദൈവത്തിന്റെ കരുണ നമ്മിലേക്കും ദൈവം ഒഴുക്കിയിട്ടുണ്ട്. കൂദാശകൾ എന്നാൽ ദൈവത്തിന്റെ കരുണ നമ്മിലേക്ക് ഒഴുക്കുന്ന ചാലുകളാണ്. കാരുണ്യത്തെക്കുറിച്ച് നാം പഠിക്കുമ്പോൾ അർഹിക്കാത്തത് നമുക്ക് ലഭിക്കുന്നതിനെയാണ് കാരുണ്യം എന്ന് മനസ്സിലാക്കാൻ സാധിക്കും. ദൈവത്തിന്റെ കരുണയെ നമുക്ക് മനസ്സിലാക്കാൻ യേശുവിന്റെ പരസ്യ ശുശ്രൂഷയിലെ ഓരോ പ്രവൃത്തികളെയും ശ്രദ്ധിക്കുന്നതിലൂടെ നമുക്ക് സാധിക്കും. *കാനാവിൽ ആരംഭിച്ച കാരുണ്യ ശുശ്രൂഷ കാൽവരിയിൽ അതിന്റെ പൂർണ്ണതയിൽ നമുക്ക് കാണാൻ സാധിക്കും.*

Kottayam Diocese Kottayam Diocese Kottayam Diocese

**നല്ല ശമര്യാക്കാരന്റെ ഉപമ**യിലൂടെ ദൈവത്തിന്റെ കരുണയെ നന്നായി അവതരിപ്പിക്കുവാൻ യേശു ശ്രമിക്കുന്നുണ്ട്. ആരെന്നു നോക്കാതെ, ശത്രുവാണോ മിത്രമാണോ പാപിയാണോ എന്നൊന്നും നോക്കാതെ, വീണു കിടക്കുന്ന ആ യാത്രികനെ പരിചരിക്കുന്ന ശമരിയാക്കാരനിലൂടെ ദൈവത്തിന്റെ കരുണ എവിടെയെല്ലാം നാമും എത്തിക്കണമെന്ന് യേശുതമ്പുരാൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. മറ്റൊന്നും നോക്കാതെ ആ വഴിയെ വന്ന ശമര്യാക്കാരൻ, കൊള്ളക്കാരാൽ ആക്രമിക്കപ്പെട്ട... പുരോഹിതനും ലേവ്യനും ശ്രദ്ധിക്കാതെ പോയ.. ആ യാത്രികനെ കണ്ട് മനസ്സലിഞ്ഞ് അവന്റെ അടുത്ത് കടന്നു ചെന്ന് അവന്റെ മുറിവുകൾ വച്ചു കെട്ടി. കഴുതയുടെ പുറത്തു കയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്ന് പരിചരിച്ചു. അടുത്ത ദിവസം അവൻ സത്രം സൂക്ഷിപ്പുകാരന്റെ കൈയ്യിൽ പണം കൊടുത്തിട്ട് "ഇവന്റെ കാര്യം നോക്കണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചു വരുമ്പോൾ തന്നുകൊള്ളാമെന്ന് " പറഞ്ഞു. ഇങ്ങനെ കരുണകാട്ടിയ .. 'മറ്റൊന്നും നോക്കാതെ' അവനെ പരിചരിച്ച ശമര്യാക്കാരനെ പോലെ നമുക്കും കരുണയോടെ പ്രവർത്തിക്കാം. അതിനുള്ള കരുത്ത് ഏവർക്കും ദൈവം നല്കട്ടെ എന്ന് പ്രാർത്ഥിച്ച് നിർത്തട്ടെ.

നന്ദി. നമസ്കാരം . ദൈവനാമം മഹത്വപ്പെടട്ടെ.

**https://mjssakottayamdiocese.com/kalolsavam**

--------------------------------------- ---

**പ്രസംഗവിഷയവുമായി ബന്ധപ്പെട്ട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ ഇതൊടൊപ്പം നൽകുന്നു. ഇതിൽ നിന്നും ഉചിതമായ വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം കുട്ടികളുടെ രീതിയിൽ പുനർക്രമീകരിക്കുക.**

- **സങ്കീർത്തനങ്ങൾ 103:8**
  " കർത്താവ് കരുണയും ദയയും ദീർഘക്ഷമയും വളരെ കൃപയും ഉള്ളവനാകുന്നു"

- **സങ്കീർത്തനങ്ങൾ 135:1**
  " കർത്താവിനെ സ്തോത്രം ചെയ്യുവിൻ, എന്തെന്നാൽ താൻ നല്ലവനും തന്റെ കരുണ എന്നേക്കുമുള്ളതുമാകുന്നു "

- **ആവർത്തനം 4:31**
  " നിന്റെ ദൈവമായ കർത്താവ് കരുണയുള്ള ദൈവമാകുന്നു. അവൻ നിന്നെ ഉപേക്ഷിക്കുകയില്ല, നശിപ്പിക്കുകയില്ല, നിന്റെ പിതാക്കന്മാരോടു സത്യം ചെയ്തിട്ടുള്ള തന്റെ ഉടമ്പടി മറക്കുകയുമില്ല"

- **പുറപ്പാട് 34:6**
  "കർത്താവ്, ദൈവമായ കർത്താവ് കരുണയും കൃപയും ദീർഘക്ഷമയുമുള്ളവൻ; നന്മയിലും വിശ്വസ്തതയിലും സമൃദ്ധിയുള്ളവൻ"

- **മത്തായി 5: 7**
  "കരുണാമാനസർ ഭാഗ്യവാന്മാർ - അവരുടെമേൽ കരുണയുണ്ടാകും"

Kottayam Diocese Kottayam Diocese Kottayam Diocese

- **ബാർ ആസിറേ 3:21**
  " ദൈവത്തിന്റെ കരുണ ബഹുലമത്രേ. വിനീതർക്ക് രഹസ്യങ്ങൾ വെളിപ്പെടുന്നു"

- **റോമർ 2:4**
  "ദൈവത്തിന്റെ ദയ (കരുണ) നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്നു നീ അറിയുന്നില്ലയോ? "

- **വി.ലൂക്കോസ് 6:35**
  "ആകയാൽ നിങ്ങളുടെ പിതാവ് കാരുണ്യവാനായിരിക്കുന്നതുപോലെതന്നെ നിങ്ങളും കരുണയുള്ളവരായിരിക്കണം".

- **സങ്കീർത്തനങ്ങൾ 129:7**
  " ഇസ്രായേൽ കർത്താവിനെ കാത്തിരിക്കട്ടെ; എന്തെന്നാൽ കരുണ തന്റെ അടുക്കൽ നിന്നാകുന്നു; തന്റെ അടുക്കൽ രക്ഷയും വളരെയാകുന്നു "

Kottayam Diocese Kottayam Diocese Kottayam Diocese

- **വിലാപങ്ങൾ 3:22**
  "കർത്താവിന്റെ അചഞ്ചലസ്നേഹം അവസാനിക്കുന്നില്ല; അവന്റെ കരുണയ്ക്ക് അന്തമില്ല"

- **സങ്കീർത്തനങ്ങൾ 103:13**
  "പിതാവ് മക്കളോട് കരുണ ചെയ്യുന്ന പ്രകാരം കർത്താവ് തന്റെ ഭക്തന്മാരോടു കരുണ ചെയ്യുന്നു "

---

| Category | Date of Birth | Time | Total Marks |
|---|---|---|---|
| Sub Junior | On or after 01.01.2017 | 3 Minutes | 100 |

| Scoring Indicators | Marks | Scoring Indicators | Marks |
|---|---|---|---|
| ആമുഖം | 5 | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | ധാരാവാഹിതം Fluency | 10 |
| ആശയസ്പുടത | 40 | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്പുടത | 10 | ഉപസംഹാരം | 5 |

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

സബ് ജൂണിയർ വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ **റവ.ഫാ.യൂഹാന്നോൻ ( സിബി ) വേലിയ്ക്കകത്ത്, റവ.ഫാ.എമിൽ വർഗീസ് വേലിയ്ക്കകത്ത്** എന്നീ വൈദീകരോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള രണ്ട് മാതൃക പ്രസംഗങ്ങളും വായിച്ച്, ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വി.ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. **Scoring Indicators** കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

M.J.S.S.A KOTTAYAM DIOCESE

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

https://mjssakottayamdiocese.com/kalolsavam

**2025 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

## A. ആരാധനാഗീതം മലയാളം

### ശുബ്ക്കോനോ ശുശ്രൂഷ

---------------

**Song No: 20**

പാ-പം-ചെയ്തേൻ.. https://youtu.be/w5UFhbMUIQY

**Song No: 21**

സ്നേഹത്തരുവേ! നീ.. https://youtu.be/kerKj-IsIYE

**Song No: 22**

കല്പനകാപ്പാനന്യോന്യം.. https://youtu.be/2iwiCJUiYqg

**Song No: 23**

ഈശാ! നാഥാ! വരിക.. https://youtu.be/xUtoAZ39aww

### ഊശാന പെരുന്നാൾ

--------------

**Song No: 24**

യേറുശലേമേറുന്നോനെ.. https://youtu.be/8DWgbBojPwE?si=gsREWCZgaQolTznk

**Song No: 25**

ഉണ്ണികളാർത്തു നാഥൻ ശുദ്ധൻ.. https://youtu.be/ht32Sz4w5_w

### കാൽകഴുകൽ ശുശ്രൂഷ

--------------

**Song No: 26**

ഭയമൊടുസ്രാ- പ്പികൾ.. https://youtu.be/0a7L2Q7PLSY

**Song No: 27**

ഈറയസേവിതനുടയോനേ.. https://youtu.be/XZUpu66y-M0

**Song No: 28**

സ്നേഹത്തൊടു വിശ്വാസത്തിൻ.. https://youtu.be/CH_Mz1O_W-4

**Song No: 29**

അപ്പൊസ്തോലർ - പന്തിയിരിപ്പാൻ.. https://youtu.be/B0zf2Hdlg7Y

**Song No: 30**

ശിഷ്യരുമായെത്തി - മാളികയിൽ.. https://youtu.be/urFuv6LSCXk

ദുഃഖവെള്ളി ( വലിയ വെള്ളി )

---------------

**Song No: 31**

സീയോനിൽ - തരുവിൽ ക്രൂശേറ്റോ-നേ.._ https://youtu.be/KdJ1LoDnUUo

**Song No: 32**

ദേവേശാ! - മശിഹായേ! സ്ലീബാ.._ https://youtu.be/eBoY8XfhZRA

**Song No: 33**

വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും.. https://youtu.be/gEOvO3ViOJQ

**Song No: 34**

ദേ-വാ മശിഹാ! മാനവരേ.. https://youtu.be/TMATI7PUtCM

**Song No: 35**

ആ സമയം ദയനീ-യം.. https://youtu.be/gX_Z_hN3FSs

ഉയിർപ്പ് പെരുന്നാൾ

---------------

**Song No: 36**

മോദം ഭൂസ്വർഗ്ഗങ്ങൾ.. https://youtu.be/ITPtZHZ4-Gw

പെന്തിക്കോസ്തി പെരുന്നാൾ

--------------

**Song No: 39**

സത്യമതാം-വാഗ്ദത്തം.. https://youtu.be/JVuhCTRJzIA

**Song No: 40**

റൂഹ്ക്കുദിശാ-യവരോഹം.. https://youtu.be/m7s4IhWE6II

**Song No: 41**

ഈശാ-നാഥാ! വാരപ്പെരുന്നാളാ..  https://youtu.be/aMK7m8EYRIk

പുരുഷന്മാരുടെ ശവസംസ്ക്കാരം

--------------

**Song No: 75**

ആദമിലാ-രംഭി- ച്ചായതമായ്.._ https://youtu.be/_iT1eCjWOAQ

https://youtu.be/iQISoXSy7Ns

**Song No: 76**

ന്യായാധിപ നാഥാ!.. [https://youtu.be/leBmaPTOFpM](https://youtu.be/leBmaPTOFpM)

**Song No: 77**

ഉ-ത്ഥാനദിനേ- മൃതജനത.. [https://youtu.be/xMlHn4NoVxE](https://youtu.be/xMlHn4NoVxE)

**Song No: 78**

സോദരരേ-കൂടിൻ.. [https://youtu.be/AjnBE349xTw](https://youtu.be/AjnBE349xTw)

**Song No: 79**

ധന്യൻമശിഹാ! വാക്കാൽ.. [https://youtu.be/XCHLSG-BTPA](https://youtu.be/XCHLSG-BTPA)

**Song No: 80**

നിൻശരണേ മൃതനാം-ദാസ.. [https://youtu.be/0hY-CsAqMEU](https://youtu.be/0hY-CsAqMEU)

സ്ത്രീകളുടെ ശവസംസ്ക്കാരം

--------------

**Song No: 82**

പടുവൃദ്ധതയിൽ കാനാനിൽ.. [https://youtu.be/dFsj_07r6Xg](https://youtu.be/dFsj_07r6Xg)

**Song No: 83**

നാ-ഥാ! മൃതയാ-മീ ദാസിക്കേ.. [https://youtu.be/k2Tc-iJVAN8](https://youtu.be/k2Tc-iJVAN8)

**Song No: 84**

ഇരുലോകത്തും- മേവുന്നേ.. [https://youtu.be/BVfu5gapunY](https://youtu.be/BVfu5gapunY)

കുട്ടികളുടെ ശവസംസ്ക്കാരം

---------------

**Song No: 85**

അല്പായുസ്സിൽ കറതീ-ണ്ടാ.. [https://youtu.be/CbcEq3BMAyI](https://youtu.be/CbcEq3BMAyI)

**Song No: 86**

പ്രളയം ഭൂമിയിലുളവാകും.. [https://youtu.be/pmKvkKxVEzk](https://youtu.be/pmKvkKxVEzk)

**Song No: 87**

സ്നേഹ-ത്താലെത്തി - കുരിശാൽ.. [https://youtu.be/JA3hkymsMi0](https://youtu.be/JA3hkymsMi0)

**@avinesh thandasseril, Director**

## B. ആരാധനാഗീതം സുറിയാനി

### ശുബ്ക്കോനോ ശുശ്രൂഷ

-------------

**Song No: 20**

ഹ്ത്തീസ് ലോക്ക് ഹോയെൻ.. https://youtu.be/5RWWoEe_Wo4

**Song No: 21**

ഓ ഹൂബോ ക്മോ.. https://youtu.be/Z0lbvzXbzM0

**Song No: 22**

ആഹായ് നാഹേബ് ലഹ്ദോദെ.. https://youtu.be/r-dy8YGEUro

### ഊശാന പെരുന്നാൾ

-------------

**Song No: 24**

ഒമറീൻ സോബേ ലത്.. https://youtu.be/IxS4kQonJ4c

### കാൽകഴുകൽ ശുശ്രൂഷ

-------------

**Song No: 26**

ഹാവ് ദസ്റോഫെ ബ്ഭേഹ്.. https://youtu.be/LKSuCeTdxA0

**Song No: 28**

കുൽ ഫെഎനോ ദ്ലോ.. https://youtu.be/aSS3ViWjEo0

**Song No: 29**

എസ്ക് ഗൂദോ ദ്ശ്ലീഹൂസോ.. https://youtu.be/uJNJjU08aTE

**Song No: 30**

എത്കാനാശ് റാബോ.. https://youtu.be/uTyX_Q4avm4

### ദുഃഖവെള്ളി ( വലിയ വെള്ളി )

--------------

**Song No: 31**

ഹവ് ദെ- സ്തേലേബ്.. https://youtu.be/x1FMUNfZ6-g

**Song No: 33**

ലമ്ശീഹോ ദ് എസ്തറിമം.. https://youtu.be/HKcTXID7w4M

**പുരുഷന്മാരുടെ ശവസംസ്ക്കാരം**

**--------------**

**Song No: 78**

**എസ്കാനാൾ ആഹായ്.. https://youtu.be/_Piue1GMxDA**

**സ്ത്രീകളുടെ ശവസംസ്ക്കാരം**

**--------------**

**Song No: 82**

**മീസസ് സാറോ അഖ്.. https://youtu.be/t1RgA999-Sw**

**കുട്ടികളുടെ ശവസംസ്ക്കാരം**

**--------------**

**Song No: 86**

**മെൻ ക്ദോം ദ് നെഹ്.. https://youtu.be/Av5fr-_6TDI**

**Website**

**https://www.mjssakottayamdiocese.com**

**Plz Subscribe the Channel for more videos**

**https://www.youtube.com/@MJSSAKOTTAYAMDIOCESE**

**2025 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

**------------------------**

2025 ലെ കലോത്സവത്തിൽ ഉപയോഗിക്കുന്നതിനായി സിലബസ് പ്രകാരം MJSSA ക്രമീകരിച്ചു തന്ന തെരഞ്ഞെടുത്ത ആരാധനാഗീതങ്ങളാണ് ഇതൊടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഗാനങ്ങൾ ക്രമീകരിക്കുന്നതിന് വേണ്ടി നേതൃത്വം നൽകിയ MJSSA ഭാരവാഹികൾക്കും കലോത്സവ കമ്മിറ്റി അംഗങ്ങൾക്കുമുള്ള നന്ദി അറിയിക്കുന്നു. ഈ വർഷത്തെ കലോത്സവ ഗാനങ്ങൾ ഏവരിലേക്കും എത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ശ്രമകരമായ ഈ ലിങ്കും യൂട്യൂബ് വീഡിയോകളും പൂർത്തിയാക്കിയിരിക്കുന്നത്. പരമാവധി കുട്ടികൾ പാട്ടുകൾ ശരിയായ വിധത്തിൽ പഠിച്ച് കലോത്സവത്തിലും മുന്നോട്ടുള്ള ജീവിതത്തിലും ഉപയോഗപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്...

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ
**9061200790**

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

https://mjssakottayamdiocese.com/kalolsavam

KOTTAYAM
10.06.2025